**പതിമൂന്നാം കേരള നിയമ സഭ**

എട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 476 — 19.03.2013 ൽ മറുപടിയ്ക്ക്

**പേഴ്സണൽ റാപ്പിഡ് ട്രാൻസിസ്റ്റ് സിസ്റ്റം**

| ചോദ്യം<br>ശ്രീ.വി.ശശി: | | ഉത്തരം<br>ശ്രീ.ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരത്തും കോട്ടയത്തും ആരംഭിക്കുമെന്ന് പ്രഖ്യാപിച്ച പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | ഗതാഗത സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം സിറ്റിയിലും കോട്ടയം ജില്ലയിലെ കോട്ടയം കടപ്പാട്ടൂർ-പാലാ-ഭരണങ്ങാനം, കോട്ടയം -എരുമേലി-പമ്പ എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം ആരംഭിക്കുന്നതിന് 14.2.2012 ൽ സർക്കാർ തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. പേഴ്സണൽ റാപ്പിഡ് ട്രാൻസിറ്റ് സിസ്റ്റം നടപ്പിൽ വരുത്തുന്നതിനായി ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി ചെയർമാനായി ഒരു കമ്മിറ്റിയും രൂപീകരിച്ചിട്ടുണ്ട്. തിരുവനന്തപുരം പദ്ധതിക്കായി നാറ്റ്പാക്കിനെക്കൊണ്ട് വിശദമായി ട്രാഫിക് സ്റ്റഡി നടത്തിയ ശേഷം ടി പഠനത്തിന്റെയും വിശദമായ സാങ്കേതിക പഠനത്തിന്റെയും അടിസ്ഥാനത്തിൽ വിശദമായ സാധ്യതാ പഠന റിപ്പോർട്ട് ഇൻകെൽ സമർപ്പിച്ചിട്ടുണ്ട്. സർക്കാർ ഇത് പരിശോധിച്ചു വരുന്നു. കോട്ടയത്തെ പദ്ധതികൾക്കായുള്ള പ്രാരംഭ പഠനങ്ങൾ നടന്നു വരുന്നു. |
| (ബി) | പ്രസ്തുത പദ്ധതിക്കായി വക കൊള്ളിച്ച 25 ലക്ഷം രൂപ ഏതൊക്കെ പരിപാടികൾക്കാണ് നീക്കി വച്ചിട്ടുള്ളത്; പ്രസ്തുത തുകയിൽ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ? | (ബി) | ബഡ്ജറ്റ് പ്രസംഗത്തിൽ ടി പദ്ധതിക്കായി 25 ലക്ഷം രൂപ വകയിരുത്തുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടായിരുന്നെങ്കിലും 2012-13 സാമ്പത്തിക വർഷം ഉപധനാഭ്യർത്ഥനിയലൂടെ 1000 രൂപ മാത്രമാണ് വകയിരുത്തിയിട്ടുള്ളത്. |



സെക്ഷൻ ഓഫീസർ